പുത്തൻ വസ്ത്രങ്ങൾക്ക്
വീരമണി ടെക്സ്റ്റയിൽസ്
പട്ടാമ്പി
ഹോൾസെയിൽ & റീട്ടെയിൽ
ഫോൺ: 21
TEL: പിസ്ഗ്രഡസ്

മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പുസ്തകം 62 ലക്കം 254 Calicut, Tuesday, December 4, 1984—കോഴിക്കോട് 1984 ഡിസംബർ 4 ചൊവ്വ പേജ് 12 വില 70 പൈസ



വിഷവാതകം ചോർന്ന് 500-ലേറെ മരണം

ഭോപ്പാൽ: ബഹുരാഷ്ട്ര കമ്പനിയായ യൂനിയൻ കാർബൈഡിന്റെ ഭോപ്പാലിലുള്ള കീടനാശിനി ഫാക്ടറിയിൽനിന്നു വിഷവാതകം ചോർന്ന് 500 ൽപരം ആളുകൾ മരിച്ചു. 410 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്. ആയിരക്കണക്കിന് ആളുകൾ ആസ്പത്രിയിലാണ്. ഞായറാഴ്ച അർദ്ധരാത്രിക്കു ശേഷം വാതക ടാങ്കിലെ വാൾവ് തകർന്ന് ഫാക്ടറിയുടെ 40 കിലോമീററർ ചുററളവിൽ വിഷവാതകം വ്യാപിക്കുകയാണുണ്ടായത്. രണ്ടായിരത്തിലേറെ പേരുടെ സ്ഥിതി ഗുരുതരമാണ്

ഞായറാഴ്ച അർദ്ധരാത്രി രണ്ടുമണിയോടുകൂടിയാണ് മീതൈയിൻ ഐസോസൈനയിഡ് എന്ന വിഷവാതക ചോർച്ച ആരംഭിച്ചത്.

ശ്വാസംമുട്ടൽ, ഛർദ്ദി, തലകറക്കം, നെഞ്ചുവേദന, കണ്ണിൽ പുകച്ചിൽ, വായിൽനിന്ന് നരയും പതയും വരൽ എന്നീ പരാതികളുമായി ആയിരക്കണക്കിനാളുകൾ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. പലരും പരിഭ്രാന്തരായി വീടുകളുപേക്ഷിച്ച് അടുത്തുള്ള നഗരങ്ങളിലേക്കു പോയി. നഗരത്തിലാകെ സംഭ്രാന്തി പരന്നിട്ടുണ്ട്.

വായിൽനിന്ന് നരയും പതയും ചാടി, ബോധം നശിച്ച ആയിരക്കണക്കിനു പേർ ആശുപത്രിയിലുണ്ടെന്നും ഇതിൽ 300—ലേറെ പേർ മരിച്ചുവെന്നും യു.എൻ.ഐ. ലേഖകൻ അറിയിക്കുന്നു. രോഗികളും ശവശരീരങ്ങളും കൊണ്ട് നഗരത്തിലെ ആശുപത്രികൾ നിറഞ്ഞിരിക്കുന്നു. എത്രപേർ മരിച്ചുവെന്ന് വ്യക്തമായ വിവരം നൽകാൻ ഡോക്ടർമാർക്കാവുന്നില്ല. ബസ്സുകളിലും ട്രക്കുകളിലും ലോറികളിലുമായാണ് രോഗികളെ കൊണ്ടുവരുന്നത്.

ഫാക്ടറി പരിസരത്തുള്ള ഭാഗങ്ങളിൽ വളരെയധികം കന്നുകാലികളും മററ് മൃഗങ്ങളും ചത്തു കിടക്കുന്നതായി ദൃക്സാക്ഷികൾ അറിയിച്ചു.

നഗരത്തിലെ എല്ലാസ്കൂളുകളും ഓഫീസുകളും അടച്ചിടാനും ഈ സംഭവത്തിനുത്തരവാദികളായ ഫാക്ടറി ഉദ്യോഗസ്ഥന്മാരെ അറസ്റ്റു ചെയ്യാനും സംസ്ഥാന ഗവ. ഉത്തരവ് പുറപ്പെടുവിച്ചു. ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ ഫാക്ടറിയും അടച്ചു പൂട്ടിയിക്കുന്നു. സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവാ

ശേഷം 5—ാംപേജ് 6—ാം കോളം

ഭോപ്പാലിൽ കീടനാശിനി ഫാക്ടറി മരണം വിതച്ചപ്പോൾ

തെരഞ്ഞെടുപ്പുവിശേഷം

അവർ ഒരേ "കളരിയിൽ" നിന്നു വന്നവർ

തൃശൂർ: ലോകത്തിലെ 40 രാഷ്ട്രങ്ങളെ പ്രതിനിധീകരിക്കുന്നവെന്ന് പറയപ്പെടുന്ന അമേരിക്കയിലെ വേൾഡ് യൂനിവേഴ്സിററിയിൽ നിന്ന് ഡോക്ടറേററ് സമ്പാദിച്ച 2 സ്ഥാനാർത്ഥികൾ തൃശൂർനിയോജകമണ്ഡലത്തിൽ നിന്ന് ലോക്സഭയിലേക്ക് ജനവിധി തേടുന്നു.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ എം.ജയപ്രകാശും, സ്വതന്ത്രനായ പെരിങ്ങോട്ടുകരസ്വദേശി ഒ.ബി. മുഹമ്മദലിയും ആണ് ഈ ഡോക്ടർമാർ. എം.എ. ഇംഗ്ലീഷ് ബിരുദധാരിയായ ജയപ്രകാശിന് മലയാള ചെറുകഥകളിൽ യഥാർത്ഥസംഭവങ്ങൾക്കുള്ള പങ്ക് എന്ന വിഷയത്തിനാണ് ഡോക്ടറേററ് ലഭിച്ചത്. ആധുനികസമ്പദ്വ്യവസ്ഥയിൽ പണത്തിനുള്ള മൂല്യം എന്നതായിരുന്നു ബി.കോം ഓണേർസ് ബിരുദധാരി എന്ന് അവകാശപ്പെടുന്ന മുഹമ്മദലി ഡോക്ടറേററിന്ന് സമർപ്പിച്ച പ്രബന്ധത്തിന്റെ വിഷയം. 2 പേരും ഡോക്ടർ പദവി പേരിനോടൊപ്പം ചേർക്കുന്നവരാണ്.

തെരഞ്ഞെടുപ്പ് തിമിരം വന്നാൽ ന്യായാന്യായ ചിന്തയില്ല

കോഴിക്കോട്: തെരഞ്ഞെടുപ്പ് തിമിരം ബാധിച്ചാൽ പിന്നെ രാഷ്ട്രീയ പ്രവർത്തകർക്ക് ന്യായാന്യായ ചിന്തയില്ല. വിവേചനവുമില്ല. ഇതിനുള്ള ഉദാഹരണം ഞെട്ടിപ്പിക്കുന്നതാണ് ഈ ചിത്രം.

കോർപ്പറേഷൻ ബസ്സ്സ്റ്റാൻറിൽ തെക്കോട്ടുള്ള സ്വകാര്യ ബസ്സുകളുടെ സമയവിവരപട്ടിക എഴുതിയ ബോർഡ് ഒരു രാത്രികൊണ്ട് മുഖപ്രായമാറി തെരഞ്ഞെടുപ്പ് പ്രചരണ ബോർഡായി മാറി.

രണ്ട് ബോർഡുകളിൽ ഒന്ന് വെള്ള തേച്ച് ഇടതുപക്ഷ മുന്നണി ഉപയോഗിച്ചപ്പോൾ ബാക്കിയായതൊട്ടരികിലെ ബോർഡ് ഐക്യജനാധിപത്യ മുന്നണിക്കുവേണ്ടി കോൺഗ്രസ് (ഐ)ബുക്ക് ചെയ്തു. ഈ തെരഞ്ഞെടുപ്പിനെ മാത്രമല്ല, വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളേയും മുന്നിൽ കണ്ടുകൊണ്ടാവാം ബോർഡിൽ 'ബുക്ക്ഡ് ഫോർ 84, 85, 86'' എന്ന് കുറിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ ഭാഗങ്ങളിൽ നിന്ന് എത്തുന്നവർക്ക് ബസ്സിന്റെ സമയ വിവരം അറിയാൻ കുറേയൊക്കെ സഹായകമായിരുന്നു ആ ബോർഡ്. അങ്ങിനെയൊരു ''ജനോപകാരം'' ഇപ്പോൾ വേണ്ടെന്നു ചില രാഷ്ട്രീയ പ്രവർത്തകർതീരുമാനിച്ചുകളഞ്ഞു.

രാവും പകലുമില്ലാതെ പ്രചാരണത്തിന്നിറങ്ങിയവർക്ക് വകതിരിവോടെ ഇതൊക്കെ നോക്കി പ്രവർത്തിക്കാൻ സമയമെവിടെ സൗകര്യമെവിടെ, [illegible]

നാടിനെ നടുക്കിയ ദുരന്തം

ഭോപാൽ: നടുക്കവും ഭയവും വേദനയും ഉളവാക്കുന്ന രംഗങ്ങളായിരുന്നു നഗരത്തിലെങ്ങും.

കുഞ്ഞുങ്ങളെ കയ്യിലേന്തിക്കൊണ്ട് വാവിട്ട് കരയുന്ന സ്ത്രീകളും അവരുടെ സാരി തുമ്പിൽ പിടിച്ച തുങ്ങിയ കുട്ടികളും കിട്ടാവുന്ന എല്ലാ വാഹനങ്ങളിലും കയറി ഭോപാൽ നഗരത്തിൽ നിന്ന് പുറമേക്ക് രക്ഷപ്പെടുന്നു. വാതക ചോർച്ചയുണ്ടായതറിഞ്ഞ അർദ്ധരാത്രി മുതൽ ആരംഭിച്ച പരക്കം പാച്ചിൽ ദിവസം മുഴുവനും തുടർന്നു കൊണ്ടിരിക്കുകയായിരുന്നു.

കുടുംബാംഗങ്ങളിൽ നിന്ന് വേർപെട്ടു പോയ ആൾക്കാർ, പാതവക്കുകളിലിരുന്ന്, കൊച്ചു കുട്ടികളെപ്പോലെ കരയുന്നു. ആസ്പത്രികളിൽ അവകാശപ്പെടാനാളില്ലാതെ എത്രയോ മൃതദേഹങ്ങൾ വിറങ്ങലിച്ച് കിടക്കുന്നു.

ആസ്പത്രികളിലേക്ക് നൂറു കണക്കിനാളുകൾ പ്രവഹിക്കുന്നു. സാരമായി അവശത ബാധിച്ചവരെ മാത്രം പ്രവേശിപ്പിച്ച് ബാക്കി പേരെ തിരിച്ചയക്കുന്നു—ചുരുങ്ങിയതു് 20000 പേരെങ്കിലും ചികിത്സയിൽ കഴിയുന്നുണ്ട്.

ഭയവിഹ്വലരായി, സ്വന്തമായുള്ളതെല്ലാം ഉപേക്ഷിച്ച് നഗരപ്രാന്തങ്ങളിക്കേ് ജനങ്ങൾ രക്ഷപ്പെടുന്നതിന്റെ ബഹളത്തിന്നിടയിൽ അനേകം റോഡപകടങ്ങളുണ്ടായതു് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.

സംഭവസ്ഥലം സന്ദർശിച്ച പത്രലേഖകരിൽ പലർക്കും അസ്വാസ്ഥ്യം അനുഭവപ്പെട്ടു. ഏതായാലും ദുരന്തത്തിന്നിക്കേ് ഒരാശ്വാസം—ഭോപാൽ നഗരത്തിലെ കുടിവെള്ളത്തിന്ന് വാതകച്ചോർച്ച കാരണം ഒരു തകരാറും പററിയിട്ടില്ല.

ചരിത്രത്തിലെ ഏററവും കടുത്ത ദുരന്തം എന്നാണ് പരിസര വകുപ്പ് സിക്രട്ടറി ഡോ. ടി. എൻ. കഷോ ഈ അത്യാഹിതത്തെ വിശേഷിപ്പിച്ചതു്. 1980—ൽ ഇററലിയിലെ സെവെസ്പോവിലുണ്ടായ ദുരന്തത്തേക്കാൾ ഗുരുതരമാണിതു്. അന്ന് അവിടെ ഒരു കെമിക്കൽ പ്ലാൻറിലുണ്ടായ വാതകചോർച്ച. പട്ടണത്തെ ഒരു 'ഗ്യാസ് ചേമ്പർ' ആയി മാറുകയുണ്ടായി. പട്ടണത്തിലേക്ക് ജനങ്ങൾക്ക് തിരിച്ചു വരാൻ പിന്നെ മാസങ്ങൾ വേണ്ടി വന്നു. ദൽഹിയിൽ നിന്ന് സി. ബി. ഐ. ഉദ്യോഗസ്ഥരുടെ ഒരു വിദഗ്ദ്ധ സംഘം അന്വേഷണത്തിന്ന് ഇവിടെ എത്തിയിട്ടുണ്ട്.

വാതക ചോർച്ചയെ തുടർന്ന് ഭോപാലിൽനിന്ന് പുറംഭാഗങ്ങളിലേക്കുള്ളറെയിൽ ബന്ധം ഏഴ് മണിക്കൂറിലേറെ നേരം ഛേദിക്കപ്പെട്ടു. ഭോപാലിൽ നിന്നു പുറപ്പെടേണ്ട പലേ വണ്ടികളും റദ്ദാക്കി. റെയിൽവെ ജീവനക്കാരിൽ പലരും വാതകം ശ്വസിച്ച് ബോധശൂന്യരായതിനാൽ കൺട്രോൾ റൂം പ്രവർത്തനരഹിതമായതാണ് കാരണം.

ഇന്ന് ദു:ഖാചരണം

മദ്ധ്യപ്രദേശിലെ എല്ലാ ഗവർമ്മെണ്ട് ഓഫീസുകളും ചൊവ്വാഴ്ച അടച്ചിടും. ഗവർമ്മെണ്ട് കെട്ടിടങ്ങളിലെല്ലാം ദേശീയ പതാക പകുതി താഴ്ത്തി കെട്ടിയിരിക്കും.

2 ലക്ഷംപേർ ശ്വസിച്ചു

രണ്ടു ലക്ഷത്തോളമാളുകൾ വിഷവാതകം ശ്വസിച്ചിരിക്കുമെന്നാണ് ആദ്യറിപ്പോർട്ടുകൾ പറയുന്നതു്—അതായതു് നഗരത്തിലെ ജനസംഖ്യയുടെ നാലിലൊരു ഭാഗം പേർ.

'ഭ്രാന്താ'യി വളരുന്ന താരാരാധന

വി. രാജഗോപാൽ

അലഹബാദ്: ദിവസങ്ങൾ കഴിയുംതോറും ആരാധകരുടെ ആവേശം കൂടുകയുമെന്ന് അമിതാഭ് കരുതുന്നു. ഗ്രാമങ്ങളിൽ നിന്നവരെ അമിതാഭിനെ തേടിയുള്ള യുവതീയുവാക്കളുടെ ഒഴുക്ക് അനുദിനം വർദ്ധിക്കുകയാണ്. താരാരാധന ഇവിടെ 'ഭ്രാന്ത്' ആയി വളരുകയാണ് എന്ന് തോന്നും.

അമിതാഭിന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കാളികളാവാൻ വിദ്യാർത്ഥികളും യുവതീയുവാക്കളും കാണിക്കുന്ന ആവേശം കോൺഗ്രസ്സുകാർക്കു തന്നെ 'തലവേദന'യായി മാറിയിട്ടുണ്ട്. ഇവരൊന്നും വോട്ടർമാരല്ലെന്നുള്ളതാണ് രസകരമായ വസ്തുത.

പക്ഷെ, ആരാധകരെക്കൊണ്ട് 'മധുരിച്ച തുപ്പാനും' കയിച്ചിട്ട് ഇറക്കാനും' വയ്യാത്ത അവസ്ഥയിലാണ് അമിതാഭും അനുയായികളും. യുവാക്കളുടെ ഭൂരിപക്ഷം വോട്ടുകൾ അമിതാഭിന് കിട്ടുമെന്ന നിലയിൽ അതിനെ നേരിടാൻ മററൊരു താരത്തെ ബഹുഗണക്കുവേണ്ടി രംഗത്തിറക്കാൻ പ്രതിപക്ഷങ്ങൾ ആലോചിച്ചു വരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും അലഹബാദ് യൂനിവേഴ്സിററിയിലേയും അഫിലിയേററഡ് കോളേജുകളിലേയും മുപ്പതിനായിരത്തോളം വിദ്യാർത്ഥികളിൽ ആറായിരം പേർക്ക് മാത്രമേ വോട്ടുകളുള്ളവെന്ന് തുണ്ടിക്കാണിക്കപ്പെടുന്നു. ഇവരിൽ പരമാധികാരവോട്ടുകൾ നേടിയെടുക്കാനുള്ള അലഹബാദ് സർവ്വകലാശാല വിദ്യാർത്ഥി യൂനിയന്റെ സഹായത്തോടെ പ്രതിപക്ഷം ശ്രമം തുടങ്ങിക്കഴിഞ്ഞു. യൂനിയൻ പ്രസിഡണ്ട് രാമദിൽസിങ്ങ് ബഹുഗുണയുടെ അടുത്ത അനുയായി ആയിട്ടാണ് അറിയപ്പെടുന്നതു്.

ഇന്ത്യ ജയിച്ചു

ബോംബെ: ഒന്നാം ക്രിക്കററ് ടെസ്റ്റിൽ ഇന്ത്യ തിങ്കളാഴ്ച ഇംഗ്ലണ്ടിന് എട്ടു വിക്കററിന് പരാജയപ്പെടുത്തി. ഏഴു വിക്കററിന് 228 റൺസെന്ന നിലയിൽ കളി തുടർന്ന ഇംഗ്ലണ്ട് 317 റൺസിന് പുറത്താകുകയായിരുന്നു. ജയിക്കാനാവശ്യമായ 48 റൺസ് ലക്ഷ്യം കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ ഇന്ത്യ അടിച്ചെടുത്തു.

(12—ാംപേജ് കാണുക)

ആന്തുലെ വെച്ചത് പൊയ്വെടി

പി കെ രവീന്ദ്രനാഥ്

ബോംബെ: ആന്തുലേ വെച്ച വെടി ''പൊയ്വെടി''യായ മട്ടാണ്. ''കുറ്റമുള്ള ഇന്ദിരാവാദി''കളെല്ലാവരും ഒന്നു ചേരുക എന്ന ആഹ്വാനത്തോടെ കോൺഗ്രസ്—ഐ വിട്ടുപോന്ന മുൻ മുഖ്യമന്ത്രി എ. ആർ. ആന്തുലേയെ പിന്തുണക്കാൻ അധികമാരും രംഗത്തെത്തിയില്ല.

കോൺഗ്രസ്—എസ് പ്രസിഡണ്ട് ശരദ് പവാറിനെ ആന്തുലെ സമീപിച്ചു നോക്കി; പക്ഷെ ഇട്ടിനില്ലെന്ന് പവാർ വ്യക്തമാക്കി. ജനതാ പാർട്ടി പ്രസിഡണ്ട് ചന്ദ്രശേഖറും മുൻ മുഖ്യമന്ത്രിയെ ''അയിത്ത''ക്കാരനായിത്തന്നെയാണ് കണ്ടത്. പക്ഷെ അദ്ദേഹം ഒരു കാര്യം ചെയ്തു—''കോൺഗ്രസ്— ഐയുടെയും ആ പാർട്ടി കെട്ടിപ്പടുത്ത അഴിമതി നിബിഡമായ വ്യവസ്ഥിതിയേയും തകർക്കാനുള്ള ശ്രമത്തിൽ'' ചന്ദ്രശേഖർ വിജയമാശംസിച്ചു.

''ഇന്ദിരാവാദി മഹാരാഷ്ട്ര കോൺഗ്രസ്'' രൂപീകൃതമായിട്ട് ആഴ്ച ഒന്നു കഴിഞ്ഞു. പക്ഷെ നിർവ്വാഹക സമിതി രൂപീകരിക്കാൻ ഇന്നുവരെ ആന്തുലേക്ക് കഴിഞ്ഞിട്ടില്ല. വേണ്ടത്രആളില്ലാത്തതുതന്നെകാരണം. വസന്ത്ദാദാ മന്ത്രിസഭയെ തകർക്കുമെന്ന് ആന്തുലെ വീമ്പടിച്ചു—ഒപ്പു ശേഖരണവും തുടങ്ങി. പക്ഷെ 230 കോൺഗ്രസ്—ഐ എം. എൽ. എ.മാരിൽ ദാദക്കെതിരെ ഒപ്പു വെച്ചത് വെറും 19 പേർ.

മാലേഗാവ് മണ്ഡലത്തിലെ സിററിംഗ് കോൺഗ്രസ് (ഐ) എം. പി. സെഡ്. എം. ഖണ്ഡാലേക്ക് ഇത്തവണ പാർട്ടി സ്ഥാനാർത്ഥിത്വം നൽകിയില്ല. ഇദ്ദേഹം തന്റെ സ്ഥാനാർത്ഥിയാവുമെന്ന് ആന്തുലെ പ്രഖ്യാപിച്ചു. പക്ഷെ ഔദ്യോഗിക സ്ഥാനാർത്ഥിയെ പിന്തുണക്കാൻ ഖണ്ഡാലേ ഇപ്പോൾ പ്രസ്താവനയിറക്കിയിരിക്കയാണ്. അതുപോലെ ബാലാസാഹെബ് ദേശ്മുഖ്—''ഇന്ദിരാവാദി'' പാർട്ടിയുമായി ഒരു ബന്ധവുമില്ലെന്ന് അദ്ദേഹവും പ്രഖ്യാപിച്ചു.

ആന്തുലേയുടെ ഉറച്ച അനുയായി ആയ അറിയപ്പെട്ട മുൻ മഹാരാഷ്ട്രപ്രദേശ് കോൺഗ്രസ് സെക്രട്ടറി ഗജാനൻ ലോകേയും കോൺഗ്രസ്സിനോടൊപ്പം തന്നെ. മുസ്ലീം ലീഗിലായി നിയമസഭാ കോൺസിലിലേക്ക് മത്സരിച്ചതിന്ന് പുറത്താക്കപ്പെട്ട ലോകേക്ക് വീണ്ടും കോൺഗ്രസ് അംഗത്വം നൽകിയിരിക്കയാണ്. നാഗ്പൂരിൽ നിന്നുള്ള കോൺഗ്രസ്—ഐ എം. എൽ. എ. യാജ്ഞിക്കുമാർ മുൻ മുഖ്യമന്ത്രിയോടൊപ്പമാണെന്ന് കേട്ടിരുന്നു. പക്ഷെ അദ്ദേഹവും കോൺഗ്രസി(ഐ)ൽ തന്നെ ഉറച്ചു നിൽക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

കാലാവസ്ഥ

തിരുവനന്തപുരം: ലക്ഷദ്വീപിൽ സാമാന്യം വ്യാപകമായും കേരളത്തിൽ ഒററപ്പെട്ടും മഴയുണ്ടാകും. തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ കാലാവസ്ഥയിൽ ഗണ്യമായ മാററം പ്രതീക്ഷിക്കുന്നില്ല.

പഴയ പോരാളികൾ തന്നെ വീണ്ടും

പാലക്കാട്: മുമ്പും പരസ്പരം പൊരുതിപ്പിരിഞ്ഞവരാണവർ. വി. എസ്. വിജയരാഘവനും ടി. ശിവദാസ മേനോനും. 1980—ലെ പ്രധാന എതിരാളികൾ വീണ്ടും മത്സരിക്കുന്നതു് ഒരു പക്ഷെ, കേരളത്തിൽ പാലക്കാട്ട് മാത്രമാണ്. 77ലും ശിവദാസ മേനോൻ മത്സരിച്ചിരുന്നു. അന്നദ്ദേഹം അഡ്വ. സുന്നാസാഹിബിനോട് തോററു. 1980—ൽ രണ്ടാം തവണ മത്സരിച്ചു. വിജയരാഘവനോട് തോററു. പാലക്കാടിന്റെ ചരിത്രത്തിൽ ഈ രണ്ടു വട്ടം മാത്രമേ കോൺഗ്രസ്സ് ജയിച്ചിട്ടുള്ളു.

താൻ രണ്ടു വട്ടം തോററതു് ശരിയാണ്. പക്ഷെ, ആ ശിവദാസ മേനോനല്ല ഈ ശിവദാസമേനോൻ.—ശിവദാസ മേനോൻ ഈ പറഞ്ഞതു് തികഞ്ഞ ആത്മവിശ്വാസത്തോടെയാണ്. ''ഇത്തവണ നിങ്ങൾക്കു കണ്ടോളൂ''. 1982—ലെ മുന്നണി ഇപ്പോഴും അതേ പടിയുണ്ടല്ലോ. അന്നത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി പാർലമെൻറ് മണ്ഡലത്തിൽപെടുന്ന ഏഴ് അസംബ്ലി മണ്ഡലങ്ങളിൽ അരലക്ഷം വോട്ടിന്റെ ലീഡ് നേടുകയുണ്ടായി. അതു് തന്നെയാണ് ശിവദാസ മേനോന്റെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനവും.

സാദ്ധ്യമായതു് പലതും സാദ്ധ്യമാക്കിയ ആളെന്ന പ്രശസ്തി വിജയരാഘവനുണ്ട്. 1977—ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ, മാർക്സിസ്റ്റ് കോട്ടയായ ആലത്തൂരിൽ അജയ്യനായ ഇ.എം.എസ്സിനെ നേരിട്ടതു് അന്ന് അപ്രശസ്തനായിരുന്ന വിജയരാഘവനാണ്. വിജയരാഘവൻ മാനം കളയുമെന്നാണ് പലരും കരുതിയതു്. പക്ഷെ, ഇ.എം.എസ്സാണ് അന്ന് കഷ്ടിച്ച് മാനം കൈതെ രക്ഷപ്പെട്ടതു്, വെറും 1999 വോട്ടിന്. അന്നു മുതൽ വിജയരാഘവൻ ശ്രദ്ധേയനായി. 1980—ൽ തികച്ചും പ്രതികൂല സാഹചര്യത്തിലാണ് വിജയരാഘവൻ പാർലമെൻറിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും.

43കാരനായ വിജയരാഘവൻ 20 വർഷത്തിലധികമായി സജീവ കോൺഗ്രസ്സുകാരനാണ്. 1962—ൽ മണ്ഡലം പ്രസിഡണ്ട് സ്ഥാനത്തു നിന്ന് പടിപടിയായി ഉയർന്നു്, ഇപ്പോൾ കെ. പി. സി. സിയുടെ ഉപാദ്ധ്യക്ഷനായ അദ്ദേഹം, സി.യും ബി. ടി.യും പാസ്സായി മണ്ണാർക്കാട് കെ. ടി. എം. ഹൈസ്കൂളിൽ അദ്ധ്യാപകനായി. 1957 മുതൽ ഹെഡ്മാസ്റ്ററായിരുന്നു. 1979—ൽ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ പാർട്ടി പ്രവർത്തകനായി.

അദ്ധ്യാപക പ്രസ്ഥാനത്തിന്റെ തലമുതിർന്ന നേതാക്കളിലൊരാളാണ് ശിവദാസമേനോൻ. രണ്ടുവട്ടം കലിക്കററ് സിണ്ടിക്കേററ് അംഗമായി. 1977ലും 80ലും അദ്ധ്യാപക നേതാവെന്ന ലേബലോടെയാണദ്ദേഹം തിരഞ്ഞെടുപ്പിന്നു നിന്നത്. താഴെക്കിടയിലുള്ളവരുടെ അംഗീകാരം അന്നു കുറവായിരുന്നു. 1980 മുതൽ പാർട്ടി ജില്ലാ സിക്രട്ടറിയായി പ്രവർത്തിക്കുന്ന ശിവദാസമേനോൻ ഇപ്പോൾ ആ കുറവും നികത്തിയിട്ടുണ്ട്.

വ്യത്യസ്തമായ രണ്ട് പ്രവർത്തന മണ്ഡലങ്ങളിൽ നിന്നുള്ളവരാണ് രണ്ട് സ്ഥാനാർത്ഥികളും. ഒരു കാര്യത്തിലും ഇവർ തമ്മിൽ സാദൃശ്യമില്ല. ഒരിടത്തു മാത്രം രണ്ടു പേരെയും ഒരുമിച്ചു കാണാം. മലബാർ സിമൻറ് കമ്പനിയിലെ രണ്ട് തൊഴിലാളി യൂനിയനുകളുടെ പ്രസിഡണ്ടുമാരാണ് വിജയരാഘവനും ശിവദാസമേനോനും.

1980—ൽ പാലക്കാട് മൊത്തം 7,05,179 വോട്ടർമാരുണ്ടായിരുന്നു. ഇതിൽ 4,05196 പേർ വോട്ടു ചെയ്തു. വിജയരാഘവന്ന് 2,04,355 വോട്ടും ശിവദാസ മേനോന്ന 1,92,267 വോട്ടും കിട്ടി. 12088 വോട്ടിന്റെ ഭൂരിപക്ഷം.

ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, മലമ്പുഴ, പാലക്കാട്, ചിററൂർ, കൊല്ലങ്കോട്, ആലത്തൂർ എന്നിവയടങ്ങിയതാണ് ഈ ലോക്സഭാ മണ്ഡലം.

പടക്കളത്തിൽ

ശിവദാസമേനോൻ

ഒരിക്കൽപോലും കോൺഗ്രസ് കൊടിയുടെ കീഴിൽ നിന്ന് മാറിയിട്ടില്ല. അടിയന്തരാവസ്ഥക്കു ശേഷം അറിയപ്പെടുന്ന നേതാക്കളെല്ലാം ഒഴിഞ്ഞു മാറി നടന്നപ്പോഴും വിജയരാഘവൻ പതറാതെ പാർട്ടി പണിതുയർത്തി.

പാർലമെൻറംഗമായ അഞ്ചു് വർഷക്കാലം, പാലക്കാടിന്നു വേണ്ടി ചെയ്ത കാര്യങ്ങളുടെ പട്ടിക കോൺഗ്രസ് പ്രവർത്തകരുടെ കൈയ്യിലുണ്ട്. ഏതിരാളികൾ എന്തു പറഞ്ഞാലും ശരി ഈ നേട്ടങ്ങൾ വോട്ടെടുപ്പിൽ പ്രതിഫലിക്കുമെന്ന് വിജയരാഘവൻ വിശ്വസിക്കുന്നു.

ദീർഘകാലത്തെ പൊതുപ്രവർത്തന പാരമ്പര്യം ശിവദാസമേനോനുണ്ട്. മണ്ണാർക്കാടാണ് സ്വദേശം. കോഴിക്കോട്ടു നിന്ന് ബി.എസ്.

വിജയരാഘവൻ

P.V.S HOSPITAL (P) LTD.
RAILWAY STATION ROAD
CALICUT-673002 Ph:61541,42,43,44,45

സേവനനിരതമായ ഒമ്പത് വർഷം പിന്നിടുന്നു...

ആതുരശുശ്രൂഷാരംഗത്ത് പതിനായിരങ്ങൾക്ക് ആശ്വാസം പകരാൻ കഴിഞ്ഞ സംതൃപ്തിയോടെ മാതൃകേന്ദ്രം പോയ വർഷങ്ങളിലേക്ക് തിരിഞ്ഞ് നോക്കാൻ കഴിയുന്നുള്ളു. ഇനാകടെ വരാനിരിക്കുന്ന നാളുകളെ കുറിച്ച് തികഞ്ഞ ആത്മവിശ്വാസം നൽകുകയും ചെയ്യുന്നു. വൈദ്യശാസ്ത്രത്തിന്റെ വിവിധ രംഗങ്ങളിൽ വിദഗ്ദ്ധരും പരിചയ സമ്പന്നരും ആയ പ്രഗൽഭ ഡോക്ടർമാരുടെ സംഘം തന്നെയാണ് ആസ്പത്രിയിലുള്ളത്. രോഗനിർണ്ണയത്തിനും ചികിത്സക്കും എല്ലാ സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

ഡയറക്ടറും ചീഫ് സർജനും
ഡോ: ടി. കെ. ജയരാജ് B.Sc., M.B.B.S., M.S., F.I.C.S.
ശസ്ത്രക്രിയാ വിഭാഗം
ഡോ. വി. ജെ. നായർ M.S., F.R.C.S.
ഡോ. മിസിസ് കുൽജിത് പി. ഗോപിനാൻ M.B.B.S.
ഇ. എൻ. ടി. വിഭാഗം
ഡോ. ജി. ജെ. സീതാഹെൻട്രി M.B.B.S., D.L.O., M.S.
ഡോ. എം. ജയശങ്കരൻ B.Sc., M.B.B.S., D.L.O., R.C.S. (London) R.C.P. (England)
എല്ല് ചികിത്സാവിഭാഗം
ഡോ. എൻ. മോഹൻദാസ് M.B.B.S., F.R.C.S.
മെഡിക്കൽ വിഭാഗം
ഡോ. സി. കെ. രാമചന്ദ്രൻ M.B.B.S. (Madras), F.R.C.P. (Edin) M.R.C.P. (London) M.R.C.P. (Glasgow) M.R.C.P. (Edin), D.T.M.H. (England) VAIDYAKALANIDHI (Trivandrum)
ഡോ. പി. സി. ഈശോ M.B.B.S., M.D.
ഡോ. ഡേവിസ് പോൾ പുതുശ്ശേരി B.Sc., M.B.B.S., F.I.C.A.
ഡോ. മിസിസ് രമ M.B.B.S.
ശിശു ചികിത്സാ വിഭാഗം
ഡോ. എ. ജി. ജയപ്രകാശ് M.B.B.S., M.D. (Paediatric) D.C.H.
ചർമ്മ ഗുഹ്യരോഗ വിഭാഗം
ഡോ. കെ. നാരായണി M.B.B.S., M.D.
പ്രസവ ചികിത്സാ വിഭാഗം
ഡോ. വി. കമല M.B.B.S., D.G.O.
ഡോ. എം. തങ്ക M.B.B.S., M.D.
ഡോ. വിജയലക്ഷ്മി മുഖർജി M.B.B.S., M.D.
ഡോ. ഉഷ എസ്. ഗുർജാർ B.Sc. M.B.B.S.
അനസ്തീഷ്യാ വിഭാഗം
ഡോ. ജി. രാമൻ M.S. (Anaesthesia) D.A.
ഡോ. സി. കൃഷ്ണദാസ് M.B.B.S., F.I.C.S.
പാത്തോളജി വിഭാഗം
ഡോ. രാമദാസ് നായക് M.B.B.S., M.D. (Pathology)
കാഷ്വാലിററി—ഒ. പി. വിഭാഗം
ആർ. എം. ഒ. ഡോ. എ. ഗീതാ M.B.B.S.
ഫിസിക്കൽ മെഡിസിൻ—ഒക്യുപേഷൻ തെറാപ്പി വിഭാഗം
വി. വി. എസ്. നായർ D.P.T., D.O.T.
ക്ലിനിക്കൽ ലാബറട്ടറി വിഭാഗം
കെ. പി. ദിവാകരൻ

പ്രത്യേക അറിയിപ്പ്:
മെഡിക്കൽകോളേജ് ആസ്പത്രിയിൽ നിന്നും വിരമിച്ച ഞരമ്പ് രോഗ ശസ്ത്രക്രിയാ വിദഗ്ദ്ധൻ പ്രൊഫ. കെ.വി. ജോൺ M.S., M.C.H. Neuro 5—12—84 മുതൽ പി. വി. എസ്. ഹോസ്പിറലിലെ ചീഫ് സർജനായി ചാർജ്ജെടുത്ത സന്തോഷവാർത്